**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4779** | | **26.06.2019-ൽ മറുപടിയ്ക്ക്** | |
| **റോഡുകളിൽ ചത്ത് കിടക്കുന്ന ജീവികളെ മറവുചെയ്യാൻ നടപടി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | ദേശീയ/സംസ്ഥാന പാതകളിലും മറ്റ് റോഡുകളിലും വാഹനങ്ങൾ തട്ടിയും അല്ലാതെയും നിരവധി നായ്ക്കളും മറ്റ് ജീവികളും ചത്ത് കിടക്കുന്നതിന്റെ പുറത്ത് വാഹനങ്ങൾ കയറിയിറങ്ങി കിടക്കുന്നത് മാറ്റുന്നില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | വാഹനങ്ങൾ കയറിയും അല്ലാതെയും റോഡരികിൽ ചത്ത് കിടക്കുന്ന ജീവികളെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നതിനെ തുടർന്ന് അവ മാറ്റുകയും മറവുചെയ്യുകയും ചെയ്യാറുണ്ട് |
| (ബി) | ഇത് പരിസരവാസികൾക്ക് മാരകമായ രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുമെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ; | | |
| (സി) | ഇത്തരത്തിൽ ചത്ത് കിടക്കുന്ന നായ്ക്കളെയും മറ്റ് ജീവികളെയും ഉടനടി മാറ്റുവാനും മറവ് ചെയ്യുവാനും ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുമോ; വ്യക്തമാക്കുമോ? | (സി) | കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്തീരാജ് ആക്ടിലും മൃഗശവങ്ങൾ ഉൾപ്പടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ